**Order No. 454/2025**

# പെരിന്തൽമണ്ണ സെന്റ് അൽഫോൻസ ഫൊറോന പുനഃക്രമീകരണം

**കർത്താവിന്റെ ദാസനും ദൈവനിയോഗത്താൽ താമരശ്ശേരി രൂപതയുടെ മെത്രാനുമായ റെമീജിയോസ് ഇഞ്ചനാനിയിൽ**

**പെരിന്തൽമണ്ണ സെന്റ് അൽഫോൻസ ഫൊറോന പള്ളി വികാരിയച്ചനും ഫൊറോനയിലെ വൈദികർക്കും സമർപ്പിതർക്കും ദൈവജനത്തിനും ആശീർവ്വാദം.**

1986 ൽ രൂപീകൃതമായ താമരശ്ശേരി രൂപതയുടെ മലപ്പുറം ജില്ലയിലുള്ള ഇടവകകളെല്ലാം മരിയാപുരം ഫാത്തിമ മാതാ ഫൊറോനയുടെ കീഴിലായിരുന്നു. പിന്നീടുള്ള വർഷങ്ങളിൽ കരുവാരക്കുണ്ട്, മലപ്പുറം ഫൊറോനകൾ സ്ഥാപിതമാകുകയും അതിനുശേഷം മരിയാപുരം ഫൊറോനയുടെ കീഴിലുണ്ടായിരുന്ന എല്ലാ ഇടവകകളെയും ഉൾപ്പെടുത്തി 2012 ൽ പെരിന്തൽമണ്ണ ഫൊറോന സ്ഥാപിക്കുകയും ചെയ്തു.

രൂപതയുടെ റൂബി ജൂബിലി വർഷത്തോടനുബന്ധിച്ച് അജപാലനസംവിധാനങ്ങളെ നവീകരിച്ച് ശക്തിപ്പെടുത്തുന്നതിന്റെ ഭാഗമായി, 2025 ഒക്ടോബർ 15ന് ചേർന്ന വൈദികസമിതിയിൽ ചർച്ച ചെയ്തു തീരുമാനമെടുത്തതിന്റെ പശ്ചാത്തലത്തിൽ, നിലവിൽ പെരിന്തൽമണ്ണ ഫൊറോനയ്ക്കു കീഴിലുള്ള മാലാപറമ്പ്, ചീരട്ടാമല, പാലൂർകോട്ട, കുറ്റിപ്പുറം, മങ്കട, വലമ്പൂർ എന്നീ ഇടവകകളെ ഉൾപ്പെടുത്തി മരിയാപുരം ഫൊറോന പുനഃക്രമീകരിച്ച സാഹചര്യത്തിൽ താഴേക്കോട്, പൊന്ന്യാംകുറിശ്ശി, വെട്ടത്തൂർ, നെന്മേനി, ഒറവുംപുറം എന്നീ ഇടവകകളെ ഉൾപ്പെടുത്തി 2026 ജനുവരി ഒന്നിന് ദൈവമാതൃത്വതിരുനാൾ ദിനത്തിൽ പ്രാബല്യത്തിൽ വരുന്നവിധത്തിൽ പെരിന്തൽമണ്ണ ഫൊറോന ഇതിനാൽ പുനഃക്രമീകരിക്കുന്നു.

പൗരസ്ത്യകാനൻ നിയമസംഹിതയും സീറോമലബാർസഭയുടെ പ്രത്യേക നിയമങ്ങളും, രൂപതാനിയമാവലിയും അനുശാസിക്കുന്ന എല്ലാ അവകാശങ്ങളും ചുമതലകളും ഫൊറോന പള്ളിയ്ക്കും ഫൊറോന വികാരിയ്ക്കും ഉണ്ടായിരിക്കുന്നതാണ്.

ഈ കല്പനയ്ക്ക് വിരുദ്ധമായതൊന്നും നിലനില്ക്കുന്നതല്ല.

2025 ഡിസംബർ 27-ാം തിയ്യതി വി. യോഹന്നാൻ സുവിശേഷകന്റെ തിരുനാൾ ദിവസം താമരശ്ശേരി രൂപതാകാര്യാലയത്തിൽനിന്ന് നല്കപ്പെട്ടത്.

✠ **റെമീജിയോസ് ഇഞ്ചനാനിയിൽ**
താമരശ്ശേരി രൂപതയുടെ മെത്രാൻ

REMIGIOSE INCHANANIYIL ★ BISHOP OF THAMARASSERY ★

ഫാ. സെബാസ്റ്റ്യൻ കാവളക്കാട്ട്
ചാൻസലർ

---

*കോപ്പികൾ:* മരിയാപുരം ഫൊറോന, താഴേക്കോട്, പൊന്ന്യാംകുറിശ്ശി, വെട്ടത്തൂർ, നെന്മേനി, ഒറവുംപുറം ഇടവക വികാരിമാർക്ക്.